# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | ആമുഖം | : | 5 |
| 2 | നഗരസഭ അടിസ്ഥാന വിവരങ്ങൾ | : | 6 |
| 3 | നഗരസഭ കൌൺസിൽ 2020-2025 | : | 7 |
| 4 | നഗരസഭയിലെ സ്റ്റാൻറിംഗ് കമ്മിറ്റികൾ | : | 8 |
| 5 | നഗരസഭ ഓഫീസ് സംവിധാനം | : | 9 |


## ക്ഷേമപദ്ധതികൾ


| | | | |
|---|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | : | 13 |
| 2 | കർഷകത്തൊഴിലാളി പെൻഷൻ | : | 14 |
| 3 | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | : | 15 |
| 4 | 50 വയസ്സുകവിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | : | 17 |
| 5 | ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ | : | 18 |
| 6 | സാമൂഹ്യ സുരക്ഷ പെൻഷൻ പൊതുമാനദണ്ഡങ്ങൾ | : | 19 |
| 8 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | : | 22 |
| 9 | തൊഴിൽ രഹിത വേതനം | : | 24 |


## ജനന-മരണ രജിസ്ട്രേഷൻ


| | | | |
|---|---|---|---|
| 1 | ജനന/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ | : | 29 |
| 2 | ജനന/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിന് ശേഷം 30 ദിവസം വരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ | : | 30 |
| 3 | ജനന/മരണം നടന്ന് 30 ദിവസത്തിന് ശേഷം 1 വർഷത്തിനം വിവരം നൽകുന്ന സംഗതികളിൽ | : | 31 |
| 4 | ജനന/മരണം നടന്ന് 30 ദിവസത്തിന് ശേഷം 1 വർഷത്തിനുള്ളിൽ രജിസ്ട്രേഷൻ നടത്താത്ത സംഗതികളിൽ | : | 32 |
| 5 | വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ | : | 33 |
| 6 | ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ | : | 34 |
| 7 | ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ | : | 34 |
| 8 | നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ | : | 35 |
| 9 | ജനന/മരണ രജിസ്ട്രേഷൻ എൻ.എ.സി | : | 35 |
| 10 | ജനന/മരണ സർട്ടിഫിക്കറ്റ് നൽകൽ | : | 36 |
| 11 | സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള പേര് ചേർക്കലും തിരുത്തലും | : | 36 |
| 12 | കുട്ടികളുടെ ജനനതീയ്യതിയും സ്കൂൾ രേഖയിലെ ജനന തീയ്യതിയും തമ്മിൽ 10 മാസത്തിലേറെ വ്യത്യാസം ഉണ്ടെങ്കിൽ ജില്ലാ രജിസ്ട്രാറിൽ നിന്നുള്ള അനുമതി | : | 37 |

| | | | |
|---|---|---|---|
| 13 | സ്കൂളിൽ ചേർത്തതിന് ശേഷം പേര് ചേർക്കുന്ന സംഗതികളിൽ | : | 38 |
| 14 | സ്കൂൾ വിദ്യാഭ്യാസം നേടാത്തവരുടെ സംഗതികളിൽ പേര് ചേർക്കൽ | : | 39 |
| 15 | 1970 ഏപ്രിൽ ഒന്നാം തീയ്യതിക്ക് മുമ്പുള്ള ജനന രജിസ്ട്രേഷനിൽ പേര് ചേർക്കൽ | : | 40 |
| 16 | സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് ജനന രജിസ്റ്ററിൽ ചേർത്ത പേര് സ്കൂൾ രേഖ പോലെ തിരുത്തൽ | : | 40 |
| 17 | 1970 ന് മുമ്പുള്ള ജനന-മരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ | : | 41 |
| 18 | മാതാപിതാക്കളുടെ പേര്(ഇനീഷ്യൽ വികസിപ്പിക്കൽ,ഭാര്യയുടെ പേരിനൊപ്പം ഭർത്താവിൻറെ പേര് ചേർക്കൽ),മേൽ വിലാസത്തിലെ അക്ഷരത്തെറ്റുകൾ എന്നിവ തിരുത്തൽ | : | 42 |
| 19 | കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ | : | 42 |


## വിവാഹ രജിസ്ട്രേഷൻ


| | | | |
|---|---|---|---|
| | **3.1 വിവാഹ രജിസ്ട്രേഷൻ-1985 ലെ ഹിന്ദു വിവാഹ നിയമ പ്രകാരം** | : | |
| 1 | വിവാഹം നടന്ന് 30 ദിവസത്തിനുള്ളിൽ ഉള്ള രജിസ്ട്രേഷൻ | : | 45 |
| 2 | വിവാഹം നടന്ന് 30 ദിവസത്തിന് ശേഷം ഉള്ള രജിസ്ട്രേഷൻ | : | 46 |
| 3 | വിവാഹ രജിസ്ട്രേഷനിലെ അടിസ്ഥാന വിവരങ്ങൾ തിരുത്തൽ | : | 47 |
| 4 | ഹിന്ദു വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ | : | 47 |
| | **3.2 വിവാഹ രജിസ്ട്രേഷൻ-2008 ലെ പൊതു വിവാഹ ചട്ടങ്ങൾ പ്രകാരം** | : | |
| 1 | വിവാഹം നടന്ന് 5 വർഷത്തിനുള്ളിൽ ഉള്ള രജിസ്ട്രേഷൻ | : | 48 |
| 2 | വിവാഹം നടന്ന് 5 വർഷത്തിന് ശേഷമുള്ള രജിസ്ട്രേഷൻ | : | 49 |
| 3 | വിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ(പേര്,വയസ്സ്,തീയ്യതി മുതലായ സാരവത്തായ സംഗതികളിൽ ഒഴികെ) | : | 50 |
| 4 | വിവാഹ രജിസ്റ്ററിലെ തിരുത്തലുകൾ(പേര്,വയസ്സ്,തീയ്യതി മുതലായ സാരവത്തായ ഉൾക്കുറിപ്പുകൾ തിരുത്തലുകൾ) | : | 50 |


## വസ്തുനികുതി-തൊഴിൽ നികുതി


| | | | |
|---|---|---|---|
| 1 | കെട്ടിടത്തിന് നമ്പർ നൽകൽ | : | 53 |
| 2 | വസ്തുനികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ) | : | 53 |
| 3 | വസ്തു നികുതിയിൽ ഇളവ് ചെയ്യൽ(ഒഴിഞ്ഞു കിടക്കുന്ന വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക്) | : | 54 |
| 4 | വസ്തു നികുതിയിൽ ഇളവ് ചെയ്യൽ(വിമുക്ത ഭടൻമാർ/ഭാര്യമാരുടെ പേരിലുള്ള വാസഗൃഹങ്ങൾക്ക്) | : | 54 |
| 5 | വസ്തു നികുതിയിൽ ഇളവ് ചെയ്യൽ(60 ച.മീ വരെയുള്ള വാസഗൃഹങ്ങൾക്ക്) | : | 55 |
| 6 | കെട്ടിടങ്ങളുടെ ആധാർ ലിങ്കിംഗ് | : | 55 |
| 7 | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം മാറ്റൽ | : | 56 |
| 8 | ബിൽഡിംഗ് സർട്ടിഫിക്കറ്റ് | : | 57 |

| | | | |
|---|---|---|---|
| 9 | സ്ഥിരതാമസ സർട്ടിഫിക്കറ്റ് | : | 57 |
| 10 | വാസയോഗ്യമായ വിടില്ല എന്ന സാക്ഷ്യപത്രം | : | 58 |
| 11 | തൊഴിൽ നികുതി അപ്പീൽ | : | 58 |
| 12 | തൊഴിൽ നികുതി സ്ലാബ് | : | 59 |


## കെട്ടിട നിർമ്മാണ അനുമതി/ക്രമവൽക്കരണം


| | | | |
|---|---|---|---|
| 1 | കെട്ടിട നിർമ്മാണ പെർമിറ്റ്/ക്രമവൽകരണം/ഒക്യുപൻസി/വിനിയോഗമാറ്റം | : | 63 |
| 2 | കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ | : | 65 |
| 3 | സ്ഥലം വികസന പെർമിറ്റ് | : | 66 |
| 4 | താൽകാലിക കുടിൽ/താൽകാലിക ഷെഡ്ഡ് | | 66 |
| 5 | വാർത്താവിനിമയ ഗോപുരം സ്ഥാപിക്കുന്നതിനുള്ള ഇന്റിമേഷൻ | : | 67 |
| 6 | സർക്കാർ അംഗീകൃത സ്കീമുകൾ വഴി നിർമ്മിക്കുന്ന വാസഗൃഹങ്ങൾക്കുള്ള പെർമിറ്റ്(60ച.മീ വരെ) | : | 68 |
| 7 | കിണർ നിർമ്മാണ പെർമ്മിറ്റ് | : | 69 |
| 8 | കുടിൽ നിർമ്മാണ പെർമിറ്റ് | | 70 |
| 9 | ചുറ്റുമതിൽ പെർമിറ്റ്(പൊതുവഴി,പുഴ,പൊതുസ്ഥലം മുതലായവയോട് ചേർന്നുള്ള നിർമ്മാണങ്ങൾക്ക്) | : | 71 |
| 10 | ഒക്ക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കൽ | : | 72 |
| 11 | കെട്ടിട നിർമ്മാണ പെർമിറ്റ് കൈമാറ്റം ചെയ്യൽ | : | 73 |
| 12 | കുറഞ്ഞ അപകട സാധ്യതയുള്ള കെട്ടിടങ്ങൾക്ക് അക്നോളജ്മെന്റ് സാക്ഷ്യപത്രം അനുവദിക്കൽ | : | 73 |
| 13 | സിനിമ ശാലകൾ നിർമ്മിക്കുന്നതിനുള്ള അനുമതി | : | 74 |


## ലൈസൻസുകൾ, അനുവാദങ്ങൾ


| | | | |
|---|---|---|---|
| 1 | IFTE &OS ലൈസൻസ്-ഫാക്ടറികൾ, വർക്ക്, ഷോപ്പുകൾ, വ്യവസായ സ്ഥാപനങ്ങൾ മുതലായവ പണിയുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉള്ള ലൈസൻസ് | : | 77 |
| 2 | IFTE &OS ലൈസൻസ് -വ്യാപരങ്ങൾക്കും വ്യവസായങ്ങൾക്കും സംരഭങ്ങൾകക്കും ഉള്ള ലൈസൻസ് | : | 78 |
| 3 | സ്വകാര്യ ശ്മശാനസ്ഥാപിക്കൽ/വിപുലീകരിക്കൽ എന്നിവയ്ക്ക് ലൈസൻസ് നൽകൽ | : | 79 |
| 4 | സിനിമ തീയറ്ററുകൾക്കുള്ള ലൈസൻസ് | : | 79 |
| 5 | സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ | : | 80 |
| 6 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | : | 80 |
| 7 | സ്വകാര്യ കശാപ്പുശാലകൾക്കുള്ള ലൈസൻസ് | : | 81 |
| 8 | സ്വകാര്യ വണ്ടിത്താവളങ്ങൾക്കുള്ള ലൈസൻസ് | : | 81 |

| | | | |
|---|---|---|---|
| 9 | സ്വകാര്യ മാർക്കറ്റുകൾക്കുള്ള ലൈസൻസ് | : | 82 |
| 10 | വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് | : | 83 |
| 11 | വളർത്തുമൃഗങ്ങൾക്കുള്ള ലൈസൻസ് | : | 83 |
| 12 | പരസ്യ ബോർഡ് സ്ഥാപിക്കുന്നതിനുള്ള അനുമതി | : | 84 |
| 13 | പി പി ആർ ലൈസൻസ് | : | 84 |
| 14 | ഓട്ടോറിക്ഷകൾക്ക് പാർക്കിംഗ് നമ്പർ നൽകൽ | : | 85 |
| 15 | റോഡ് കട്ടിംഗ് അനുമതി | : | 85 |


## മറ്റ് സേവനങ്ങൾ


| | | | |
|---|---|---|---|
| 1 | ബി.പി.എൽ സർട്ടിഫിക്കറ്റ് | : | 89 |
| 2 | അപായകരമായ വൃക്ഷങ്ങളിൽ നിന്നുള്ള സുരക്ഷിതത്വം | : | 89 |
| 3 | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി | : | 90 |
| 4 | വിവരാവകാശ നിയമം 2005 | : | 92 |
| 5 | ഹരിത കർമ്മ സേന | : | 93 |
| 6 | സാക്ഷരത തുടർ പ്രവർത്തനം | : | 94 |
| 7 | നഗരസഭ ചെയർപേഴ്സന്റെ ദുരിതാശ്വാസ നിധി | : | 95 |
| 8 | ജാഗ്രത സമിതി | : | 95 |
| 9 | കുടുംബശ്രീ | : | 96 |
| 10 | എൻ.യു.എൽ.എം | : | 99 |


## ഘടക സ്ഥാപനങ്ങൾ - സേവനങ്ങൾ


| | | | |
|---|---|---|---|
| 1 | അംഗൻവാടി സേവനങ്ങൾ | : | 103 |
| 2 | നഗരസഭയിലെ അംഗൻവാടി സെന്ററുകൾ | : | 104 |
| 3 | സാമൂഹ്യനീതി വനിത ശിശുവികസന വകുപ്പുകൾ വഴിയുള്ള സേവനങ്ങൾ | : | 105 |
| 4 | നഗരസഭ ആയുർവേദ ഡിസ്പെൻസറി, ഉളിയിൽ | : | 107 |
| 5 | നഗരസഭ ഹോമിയോ ഡിസ്പെൻസറി, വള്ളോര | : | 108 |
| 6 | നഗരസഭ യുനാനി ഡിസ്പെൻസറി, പാലാപറമ്പ് | : | 108 |
| 7 | താലൂക്ക് ആശുപത്രി, ഇരിട്ടി | : | 109 |
| 8 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ | : | 109 |
| 9 | ഹെൽത്ത് & വെൽനസ്സ് സെന്റർ, പുന്നാട് | : | 111 |
| 10 | ഐ.സി.ഡി.പി സബ്സെന്ററുകൾ | | 111 |
| 11 | വെറ്റിനറി പോളിക്ലിനിക്ക്, ഇരിട്ടി | : | 112 |
| 12 | നഗരസഭ കൃഷി ഭവൻ, നടുവനാട് | | 113 |
| 13 | നഗരസഭ ലൈബ്രറികൾ/വായനശാലകൾ | : | 114 |
| 14 | ഉളിയിൽ ഗവ യു പി സ്കൂൾ | : | 115 |
| 15 | ചാവശ്ശേരി ഗവ ഹയർസെക്കന്ററി സ്കൂൾ | : | 115 |

# ആമുഖം

ഇന്ത്യൻ ഭരണ ഘടനയുടെ 74ാം ഭരണ ഘടന ഭേദഗതിയോടെ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരവും ഉത്തരവാദിത്വവും കൈവരുകയും അതിന്റെ ചുവട് പിടിച്ച് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മുനിസിപ്പാലിറ്റികൾ തദ്ദേശ സർക്കാരുകൾ എന്ന നിലയിൽ ജനങ്ങൾക്ക് അവരുടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ സേവനങ്ങൾക്കും ഏറ്റവും അടുത്ത് ഇടപഴകേണ്ട സ്ഥാപനങ്ങളായി നഗരസഭകൾ മാറിയിരിക്കുകയാണ്. നഗരസഭയുടെ കീഴിലുള്ള സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പൌരാവകാശ രേഖ പ്രസിദ്ധികരിച്ചിട്ടുള്ളത്.

2015 നവംബർ 1 ന് നിലവിൽ വന്ന ഇരിട്ടി നഗരസഭ ജനങ്ങൾക്ക് യഥാസമയം കൃത്യതയോടെ സേവനം നൽകാൻ എന്നും ബാധ്യസ്ഥരാണ്. കാലാകലാങ്ങളിൽ വരുന്ന സർക്കാർ ഉത്തരവുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി നഗരസഭ ഭരണ സമിതിയും ജീവനക്കാരും എന്നും സേവന സന്നദ്ധരാണ്. 2024 ജനുവരി മുതൽ സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലും കെ.സ്മാർട്ട് സംവിധാനം ആരംഭിച്ചിതിന്റെ ഭാഗമായി ഇരിട്ടി നഗരസഭയിലും ഭരണ സേവന രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾക്ക് ഓഫീസിൽ എത്താതെ തന്നെ മുഴുവൻ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക വിദ്യയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. അതുകൊണ്ട് തന്നെ ഈ പൌരാവകാശ രേഖയ്ക്ക് വലിയ പ്രാധാന്യം ഉണ്ട്.

ഇരിട്ടി നഗരസഭയിൽ നിന്നും പൗരന്മാർക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും അവയുടെ വ്യവസ്ഥകളെക്കുറിച്ചും, അവ ലഭ്യമാക്കുന്നതിനുള്ള സമയപരിധിയെക്കുറിച്ചുമുള്ള വിവരങ്ങൾ അടങ്ങിയ രേഖയാണ് പൌരാവകാശ രേഖ. നഗരസഭ നൽകുന്ന സേവനങ്ങളുടെ സമയക്രമം, അവയുടെ വ്യവസ്ഥകൾ എന്നിവയും ഈ രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത് പൗരന്മാർക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അറിയാനും, സേവനങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം ചെയ്യണമെന്നും മനസ്സിലാക്കുന്നതിന് സഹായകമാണ്. പൗരാവകാശ രേഖയുടെ പ്രധാന ലക്ഷ്യം ഭരണ സ്ഥാപനങ്ങളും പൗരന്മാരും തമ്മിലുള്ള ബന്ധം സുതാര്യമാക്കുക എന്നതാണ്. പൗരന്മാർക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുകയും, അത് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയുകയും ചെയ്യാനായി ഈ രേഖ ഉത്തമ സഹായിയായിരിക്കും

വിശ്വസ്തതയോടെ

കെ.ശ്രീലത<br>ചെയർപേഴ്സൺ

രാഗേഷ് പാലേരി വീട്ടിൽ<br>സെക്രട്ടറി

# ഇരിട്ടി നഗരസഭ
# അടിസ്ഥാന വിവരം

| | |
|---|---|
| നഗരസഭയുടെ പേര് | ഇരിട്ടി |
| ജില്ല | കണ്ണൂർ |
| താലൂക്ക് | ഇരിട്ടി |
| ഏരിയ (കി മി ) | 46 .65 |
| വാർഡുകളുടെ എണ്ണം | 33 |
| ജനസംഖ്യ | 43806 |
| പുരുഷൻമ്മാർ | 21804 |
| സ്ത്രീകൾ | 22002 |
| കുടുംബങ്ങൾ | 10952 |
| ജനസാന്ദ്രത | 887 |
| പട്ടികജാതി കുടുംബങ്ങൾ | 184 |
| പട്ടിക ജാതി ജനസംഖ്യ | 769 |
| പട്ടിക വർഗ്ഗ കുടുംബങ്ങൾ | 384 |
| പട്ടിക വർഗ്ഗ ജനസംഖ്യ | 1064 |
| പുരുഷ സ്ത്രീ അനുപാതം | 1000-1045 |
| സാക്ഷരതാ നിരക്ക് | 97.3 ശതമാനം |
| ബി പി എൽ കുടുംബങ്ങൾ | 3101 |
| നിയമസഭാ മണ്ഡലം | പേരാവൂർ |
| ലോക്സഭ മണ്ഡലം | കണ്ണൂർ |
| നഗരസഭയിൽ ഉൾപ്പെടുന്ന വില്ലേജുകൾ | കീഴൂർ , ചാവശ്ശേരി |

## അതിരുകൾ

| | |
|---|---|
| വടക്ക് | ഇരിട്ടി വളപട്ടണം പുഴ |
| തെക്ക് | തില്ലങ്കേരി, മുഴക്കുന്ന് ഗ്രാമ പഞ്ചായത്തുകൾ , മട്ടന്നൂർ നഗരസഭ |
| കിഴക്ക് | പായം പുഴ |
| പടിഞ്ഞാറ് | മട്ടന്നൂർ നഗരസഭ |

# ഇരിട്ടി നഗരസഭ കൌൺസിൽ 2020-2025

| വാർഡ് നം | വാർഡിൻറെ പേര് | ജനപ്രതിനിധികളുടെ പേര് | സ്ഥാനം | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | വെളിയമ്പ്ര | ബഷീർ പി | കൗൺസിലർ | 9946057751 |
| 2 | പെരിയത്തിൽ | എം കെ നജ്മുന്നീസ | കൗൺസിലർ | 8289896457 |
| 3 | വട്ടക്കയം | പി പി ഉസ്മാൻ | വൈസ്ചെയർമാൻ | 9447683726 |
| 4 | എടക്കാനം | കെ മുരളീധരൻ | കൗൺസിലർ | 9447936504 |
| 5 | കീഴൂർക്കുന്ന് | എൻ സിന്ധു | കൗൺസിലർ | 9846144157 |
| 6 | വള്ള്യാട് | പി രഘു | കൗൺസിലർ | 9048335120 |
| 7 | കീഴൂർ | പി പി ജയലക്ഷ്മി | കൗൺസിലർ | 6235755928 |
| 8 | നരിക്കുണ്ടം | കെ നന്ദനൻ | കൗൺസിലർ | 9446768622 |
| 9 | ഇരിട്ടി | വി പി അബ്ദുൾ റഷീദ് | കൗൺസിലർ | 9447209357 |
| 10 | പയഞ്ചേരി | എൻ കെ ശാന്തിനി | കൗൺസിലർ | 9605182734 |
| 11 | വികാസ് നഗർ | കെ ശ്രീലത | ചെയർപേഴ്സൺ | 9946614902 |
| 12 | അത്തിത്തട്ട് | എൻ കെ ഇന്ദുമതി | കൗൺസിലർ | 9747335517 |
| 13 | കൂളിച്ചെമ്പ്ര | ടി കെ ഫസീല | ചെയർപേഴ്സൺ വിദ്യാഭ്യാസ സ്റ്റാൻറിംഗ്കമ്മിറ്റി | 9400290098 |
| 14 | മീത്തലെപുന്നാട് | എ കെ ഷൈജു | കൗൺസിലർ | 9745171954 |
| 15 | താവിലാക്കുറ്റി | സി കെ അനിത | കൗൺസിലർ | 9447030993 |
| 16 | പുറപ്പാറ | സമീർ പുന്നാട് | കൗൺസിലർ | 9947786997 |
| 17 | പുന്നാട് ഈസ്റ്റ് | കെ സുരേഷ് | ചെയർപേഴ്സൺ പൊതുമരാമത്ത് സ്റ്റാൻറിംഗ്കമ്മിറ്റി | 8547880045 |
| 18 | പുന്നാട് | ടി വി ശ്രീജ | കൗൺസിലർ | 9895287310 |
| 19 | ഉളിയിൽ | അബ്ദുൾ ഖാദർ കോമ്പിൽ | കൗൺസിലർ | 9446164985 |
| 20 | കല്ലേരിക്കൽ | ടി കെ ഷരീഫ | കൗൺസിലർ | 9447286308 |
| 21 | നരയമ്പാറ | പി ഫൈസൽ | കൗൺസിലർ | 9744596915 |
| 22 | നടുവനാട് | പി സീനത്ത് | കൗൺസിലർ | 9544808967 |
| 23 | കൂരൻമുക്ക് | യു കെ ഫാത്തിമ | കൗൺസിലർ | 9747124741 |
| 24 | നിടിയാഞ്ഞിരം | എ കെ രവീന്ദ്രൻ | ചെയർമാൻ ക്ഷേമകാര്യ സ്റ്റാൻറിംഗ്കമ്മിറ്റി | 9495145482 |
| 25 | ആവട്ടി | വി പുഷ്പ | കൗൺസിലർ | 9946565095 |
| 26 | വളോര | കെ പി അജേഷ് | കൗൺസിലർ | 9745432022 |
| 27 | കട്ടേങ്കണ്ടം | പി രജിഷ | കൗൺസിലർ | 9946540529 |
| 28 | ചാവശ്ശേരി ടൗൺ | വി ശശി | കൗൺസിലർ | 9846011693 |
| 29 | ചാവശ്ശേരി | പി കെ ബൽക്കീസ് | വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ | 9744598925 |
| 30 | മണ്ണോറ | കെ സോയ | ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ | 9544582363 |
| 31 | 19-ാം മൈൽ | സാജിദ ചൂര്യോട്ട് | കൗൺസിലർ | 8129110207 |
| 32 | ചാവശ്ശേരി വെസ്റ്റ് | സി ബിന്ദു | കൗൺസിലർ | 8129660943 |
| 33 | ആട്ട്യലം | കെ അനിത | കൗൺസിലർ | 9400053927 |

# ഇരിട്ടി നഗരസഭയിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ

| | | |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | പി പി ഉസ്മാൻ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | ടി കെ ശരീഫ | കമ്മിറ്റി അംഗം |
| | വി പുഷ്പ | കമ്മിറ്റി അംഗം |
| | എൻ സിന്ധു | കമ്മിറ്റി അംഗം |
| | യു കെ ഫാത്തിമ | കമ്മിറ്റി അംഗം |
| | പി സീനത്ത് | കമ്മിറ്റി അംഗം |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | പി കെ ബൾക്കീസ് | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | വി ശശി | കമ്മിറ്റി അംഗം |
| | അബ്ദുൾഖാദർ കോമ്പിൽ | കമ്മിറ്റി അംഗം |
| | എൻ കെ ശാന്തിനി | കമ്മിറ്റി അംഗം |
| | എ കെ ഷൈജു | കമ്മിറ്റി അംഗം |
| | പി ഫൈസൽ | കമ്മിറ്റി അംഗം |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | എ കെ രവീന്ദ്രൻ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | കെ മുരളീധരൻ | കമ്മിറ്റി അംഗം |
| | കെ അനിത | കമ്മിറ്റി അംഗം |
| | സി കെ അനിത | കമ്മിറ്റി അംഗം |
| | സമീർ പുന്നാട് | കമ്മിറ്റി അംഗം |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | കെ സോയ | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | കെ നന്ദനൻ | കമ്മിറ്റി അംഗം |
| | ബിന്ദു സി | കമ്മിറ്റി അംഗം |
| | വി പി അബ്ദുൾ റഷീദ് | കമ്മിറ്റി അംഗം |
| | എം കെ നജുമുന്നീസ | കമ്മിറ്റി അംഗം |
| പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി | കെ സുരേഷ് | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| | പി രജിഷ | കമ്മിറ്റി അംഗം |
| | കെ പി അജേഷ് | കമ്മിറ്റി അംഗം |
| | എൻ കെ ഇന്ദുമതി | കമ്മിറ്റി അംഗം |
| | ബഷീർ പി | കമ്മിറ്റി അംഗം |
| വിദ്യാഭ്യാസ കലാ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ടി കെ ഫസീല | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| | ടി വി ശ്രീജ | കമ്മിറ്റി അംഗം |
| | പി രഘു | കമ്മിറ്റി അംഗം |
| | സാജിദ സി | കമ്മിറ്റി അംഗം |
| | പി പി ജയലക്ഷ്മി | കമ്മിറ്റി അംഗം |

# നഗരസഭ ഓഫീസ് സംവിധാനം

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി കെ ശ്രീലത |
| സെക്രട്ടറി | : | ശ്രീ രാഗേഷ് പാലേരി വീട്ടിൽ |
| സൂപ്രണ്ട് | : | ശ്രീമതി  നിഷ പി വി |
| അസിസ്റ്റന്റ് എഞ്ചിനിയർ | : | ശ്രീ രമേഷ്കുമാർ എൻ |
| ക്ലീൻ സിറ്റി മാനേജർ | : | ശ്രീ രാജീവൻ കെ വി |
| രജിസ്ട്രാർ/ഹെൽത്ത് ഇൻസ്പെക്ടർ | : | ശ്രീ രാജേഷ് ഇ കെ |
| റവന്യൂ ഇൻസ്പെക്ടർ | : | ശ്രീ ബിനോയി സി |
| അക്കൌണ്ടന്റ് | : | ശ്രീ അനീഷ് കുമാർ കെ വി |

## വിവിധ സെക്ഷനുകൾ ചുമതലകൾ

| | |
|---|---|
| എ1 | അക്കൌണ്ട്സ് വിഭാഗം |
| ജി1 | ജനറൽ എസ്റ്റാബ്ലിഷ്മെന്റ്, അദാലത്തുകൾ , വിവിധ പരാതി പരിഹാര സംവിധാനങ്ങൾ |
| ജി2 | നഗരസഭ ക്യാഷ് കൌണ്ടർ |
| ജി3 | ജനകീയാസൂത്രണ പദ്ധതികൾ, നഗരസഭ കൌൺസിൽ , ഇലക്ഷൻ, ഇ ഗവേണൻസ് സംബന്ധിച്ച വിഷയങ്ങൾ |
| ജി5 | സാമൂഹ്യസുരക്ഷ പെൻഷൻ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ, ക്ഷേമപദ്ധതികൾ, പി.എം.എ.വൈ -ലൈഫ് ഭവന പദ്ധതി, ബി പി എൽ സർട്ടിഫിക്കറ്റ് |
| എച്ച്1 | ശുചിത്വം, മാലിന്യ സംസ്കരണം തുടങ്ങയവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പൊതുശല്യങ്ങൾ സംബന്ധിച്ച പരാതികൾ, ആരോഗ്യവിഭാഗം ജീവനക്കാര്യം |
| ഇ1 | പൊതുമരാമത്ത് പ്രവർത്തികൾ, എഞ്ചിനിയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, എം.പി-എം.എൽ.എ.ഫണ്ട് പ്രവർത്തികൾ, പരാതികൾ |
| ഇ2 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുബന്ധ വിഷയങ്ങൾ, വിവരാവകാശം, സ്യൂട്ട് |
| ആർ1 | ഓഡിറ്റ്, തൊഴിൽ നികുതി, വാടക, മറ്റ് നികുതിയേതര വരുമാനങ്ങൾ, ഓട്ടോറിക്ഷ പെർമ്മിറ്റ്,പരസ്യബോർഡ് സ്ഥാപിക്കൽ, ദുരന്ത നിവാരണം |
| ആർ2 | വസ്തു നികുതി (വാർഡ് 14-23) |
| ആർ3 | വസ്തു നികുതി (വാർഡ് 1-8,12,13) |
| ആർ4 | വസ്തു നികുതി (വാർഡ് 9-11) |
| ആർ5 | വസ്തു നികുതി (വാർഡ് 24-33) |

# ക്ഷേമപദ്ധതികൾ

# 1.1 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

| | |
|---|---|
| അപേക്ഷ നൽകേണ്ടത് | ഓൺലൈനായി നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കണം |
| സമയ പരിധി | **30**<br>ദിവസം |
| സേവനം നൽകാൻ ബാധ്യത പെട്ട ഉദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| മാനദണ്ഡങ്ങൾ | • പെൻഷന് അർഹതയ്ക്കുള്ള കുറഞ്ഞ പ്രായം 60 വയസ്സാണ്. അപേക്ഷകന് 60 വയസ്സോ അതിന് മുകളിലോ ആയിരിക്കണം<br>• അപേക്ഷകൻറെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>• അപേക്ഷകൻ കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ട് 3 വർഷത്തിൽ കൂടുതൽ ആയിരിക്കണം<br>• അപേക്ഷകൻ മറ്റാരുടെയും സംരക്ഷണത്തിലായിരിക്കാൻ പാടില്ല.<br>• മറ്റ് പൊതുനിബന്ധനകളും ബാധകം |
| അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1. റേഷൻ കാർഡ്<br>2. ആധാർ കാർഡ്<br>3. വരുമാന സർട്ടിഫിക്കറ്റ്<br>4. ഭൂനികുതി രസീത്<br>5. ബാങ്ക് പാസ്ബുക്ക് ( പെൻഷൻ ബാങ്കിലേക്ക് ആണെങ്കിൽ)<br>6. പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖ ഏതെങ്കിലും ഒരു രേഖ<br>• ജനന സർട്ടിഫിക്കറ്റ്<br>• പാസ്പോർട്ട്<br>• ഡ്രൈവിംഗ് ലൈസൻസ്<br>• സ്കൂൾ സർട്ടിഫിക്കറ്റ്<br>• അഡ്മിഷൻ രജിസ്റ്ററിൻറെ എക്സ്ട്രാക്റ്റ്<br>പ്രായം തെളിയിക്കുന്നതിന് മേൽപ്പറഞ്ഞ രേഖകളൊന്നും ഇല്ലെങ്കിൽ<br>1) ഡോക്ടർ നൽകുന്ന ഏജ് സർട്ടിഫിക്കറ്റ്<br>2) പ്രായം തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സത്യവാങ്മൂലം |
| അന്വേഷണ ഉദ്യോഗസ്ഥൻ | റവന്യൂ ഇൻസ്പെക്ടർ |
| തീരുമാനം എടുക്കുന്ന അധികാര സ്ഥാനം | നഗരസഭ കൌൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |

## 1.2 കർഷക തൊഴിലാളി പെൻഷൻ

| | |
|---|---|
| അപേക്ഷ നൽകേണ്ടത് | ഓൺലൈനായി നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കണം |
| സമയ പരിധി | 30 ദിവസം |
| സേവനം നൽകാൻ ബാധ്യത പെട്ട ഉദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| മാനദണ്ഡങ്ങൾ | • 60 വയസ്സോ അതിന് മുകളിലോ ആയിരിക്കണം<br>• അപേക്ഷകൻറെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>• അപേക്ഷകൻ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരിക്കണം<br>• അപേക്ഷകൻ ഭൂവുടമയുടെ കീഴിൽ 10 വർഷമോ അതിൽ കൂടുതലോ കർഷകത്തൊഴിലാളിയായി<br>• ജോലി ചെയ്തിരിക്കണം<br>• അപേക്ഷകൻ തോട്ടം തൊഴിലാളി ആയിരിക്കരുത്<br>• അപേക്ഷകൻ 10 വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം<br>• മറ്റ് പൊതുനിബന്ധനകളും ബാധകം |
| അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1. റേഷൻ കാർഡ്<br>2. ആധാർ കാർഡ്<br>3. വരുമാന സർട്ടിഫിക്കറ്റ്<br>4. ഭൂനികുതി രസീത്<br>5. ബാങ്ക് പാസ്ബുക്ക് (പെൻഷൻ ബാങ്കിലേക്ക് ആണെങ്കിൽ)<br>6. ഭൂവുടമയുടെ സാക്ഷ്യപത്രം<br>7. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള വിടുതൽ സാക്ഷ്യപത്രം<br>8. പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖ ( ഏതെങ്കിലും ഒരു രേഖ)<br>• ജനന സർട്ടിഫിക്കറ്റ്<br>• പാസ്പ്പോർട്ട്<br>• ഡ്രൈവിംഗ് ലൈസൻസ്<br>• സ്കൂൾ സർട്ടിഫിക്കറ്റ്<br>• അഡ്മിഷൻ രജിസ്റ്ററിൻറെ എക്സ്ട്രാക്റ്റ്<br>പ്രായം തെളിയിക്കുന്നതിന് മേൽപ്പറഞ്ഞ രേഖകളൊന്നും ഇല്ലെങ്കിൽ<br>1) ഡോക്ടർ നൽകുന്ന ഏജ് സർട്ടിഫിക്കറ്റ്<br>2) പ്രായം തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സത്യവാങ്മൂലം |
| അന്വേഷണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| തീരുമാനം എടുക്കുന്ന അധികാര സ്ഥാനം | നഗരസഭ കൌൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |

# 1.3 ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ

| | |
|---|---|
| അപേക്ഷ നൽകേണ്ടത് | ഓൺലൈനായി നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കണം |
| സമയ പരിധി | **30** ദിവസം |
| സേവനം നൽകാൻ ബാധ്യത പെട്ട ഉദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| മാനദണ്ഡങ്ങൾ | • അപേക്ഷക വിധവ ആയിരിക്കണം. അപേക്ഷക പുനർവിവാഹിത ആയിരിക്കരുത്<br>• അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>• അപേക്ഷക തുടർച്ചയായി 2 വർഷമെങ്കിലും കേരളത്തിൽ സ്ഥിരതാമസം ആയിരിക്കണം<br>• ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ<br>• ആയവർക്ക് മാത്രമേ വിധവാ പെൻഷന് അർഹതയുള്ളൂ<br>• ഭർത്താവിനെ 7 വർഷമായി കാണാനില്ലാത്തവരുടെ സംഗതിയിൽ റവന്യു അധികാരികൾ നൽകുന്ന<br>• വിധവാ സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ വിധവാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്<br>• ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ്<br>• കഴിഞ്ഞ സ്ത്രീകൾക്ക് മേൽവിവരങ്ങൾ ഉൾക്കൊള്ളിച്ച് വില്ലേജ് ഓഫീസർ നൽകുന്ന<br>• സർട്ടിഫിക്കറ്റിൻറെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്<br>• നിയമപരമായി വിവാഹമോചനം നേടിയവരെ വിധവയായി കണക്കാക്കാൻ ആകില്ല. അതിനാൽ<br>• അവർക്ക് വിധവാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല<br>• ഭർത്താവിൽ നിന്നും അകന്ന് കഴിയുന്ന വിധവയല്ലാത്ത സ്ത്രീകൾക്ക് വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല<br>• അപേക്ഷക മറ്റാരുടെയും സംരക്ഷണത്തിലായിരിക്കാൻ പാടില്ല<br>• പ്രായപരിധി ഇല്ല. അപേക്ഷക അഗതി ആയിരിക്കണം<br>• മറ്റ് പൊതുനിബന്ധനകളും ബാധകം |

| | |
|---|---|
| അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1. റേഷൻ കാർഡ്<br>2. ആധാർ കാർഡ്<br>3. വരുമാന സർട്ടിഫിക്കറ്റ്<br>4. ഭൂനികുതി രസീത്<br>5. ബാങ്ക് പാസ്ബുക്ക് (പെൻഷൻ ബാങ്കിലേക്ക് ആണെങ്കിൽ)<br>6. ഭർത്താവിൻറെ മരണ സർട്ടിഫിക്കറ്റ്<br>7. പുനർവിവാഹം ചെയ്തിട്ടില്ല എന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>8. ഭർത്താവിനെ 7 വർഷമായി കാണാനില്ലാത്തവരുടെ സംഗതിയിൽ റവന്യു അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റ്<br>9. ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞതും പുനർ വിവാഹിതരായിട്ടില്ലാത്തവരുമായ 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് മേൽവിവരങ്ങൾ കാണിച്ച് വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് |
| അന്വേഷണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| തീരുമാനം എടുക്കുന്ന അധികാര സ്ഥാനം | നഗരസഭ കൌൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |

# 1.4 അവിവാഹിത പെൻഷൻ

| | |
|---|---|
| അപേക്ഷ നൽകേണ്ടത് | ഓൺലൈനായി നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കണം |
| സമയ പരിധി | 30 ദിവസം |
| സേവനം നൽകാൻ ബാധ്യത പെട്ട ഉദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| മാനദണ്ഡങ്ങൾ | • അപേക്ഷകയുടെ പ്രായം 50 വയസ്സ് പൂർത്തിയായിരിക്കണം<br>• അപേക്ഷക അവിവാഹിത ആയിരിക്കണം<br>• അപേക്ഷകൻറെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>• 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ അമ്മമാർക്കും അപേക്ഷിക്കാം<br>• അപേക്ഷക കേരള സംസ്ഥാനത്തിൽ സ്ഥിരതാമസക്കാരി ആയിരിക്കണം<br>• അപേക്ഷക മറ്റാരുടെയും സംരക്ഷണത്തിലായിരിക്കാൻ പാടില്ല<br>• മറ്റ് പൊതുനിബന്ധനകളും ബാധകം |
| അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1. റേഷൻ കാർഡ്<br>2. ആധാർ കാർഡ്<br>3. വരുമാന സർട്ടിഫിക്കറ്റ്<br>4. ഭൂനികുതി രസീത്<br>5. ബാങ്ക് പാസ്ബുക്ക് (പെൻഷൻ ബാങ്കിലേക്ക ് ആണെങ്കിൽ)<br>6. വിവാഹം ചെയ്തിട്ടില്ല എന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>7. പ്രായം തെളിയിക്കുന്നതിനുള്ള ആധികാരിക രേഖ - ഏതെങ്കിലും ഒരു രേഖ<br>• ജനന സർട്ടിഫിക്കറ്റ്<br>• പാസ്പോർട്ട്<br>• ഡ്രൈവിംഗ് ലൈസൻസ്<br>• സ്കൂൾ സർട്ടിഫിക്കറ്റ്<br>• അഡ്മിഷൻ രജിസ്റ്ററിൻറെ എക്സ്ട്രാക്റ്റ്<br>8. പ്രായം തെളിയിക്കുന്നതിന് മേൽപ്പറഞ്ഞ രേഖകളൊന്നും ഇല്ലെങ്കിൽ<br>1) ഡോക്ടർ നൽകുന്ന ഏജ് സർട്ടിഫിക്കറ്റ്<br>2) പ്രായം തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സത്യവാങ്മൂലം |
| അന്വേഷണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| തീരുമാനം എടുക്കുന്ന അധികാര സ്ഥാനം | നഗരസഭ കൌൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |

## 1.5 ഇന്ദിരാഗാന്ധി ദേശീയ ഭിന്നശേഷി പെൻഷൻ

| | |
|---|---|
| അപേക്ഷ നൽകേണ്ടത് | ഓൺലൈനായി നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കണം |
| സമയ പരിധി | 30 ദിവസം |
| സേവനം നൽകാൻ ബാധ്യത പെട്ട ഉദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| മാനദണ്ഡങ്ങൾ | • ശാരീരിക വൈകല്യമുള്ളതും അവശത അനുഭവിക്കുന്നതുമായ യാതൊരുവിധ വരുമാന മാർഗ്ഗങ്ങളുമില്ലാത്ത ഒരു വ്യക്തിക്ക് അവശത തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് / സാമൂഹ്യ സുരക്ഷാമിഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ് പ്രകാരം പെൻഷൻ ലഭിക്കുന്ന പദ്ധതിയാണിത്.<br>• പ്രായപരിധി ഇല്ല<br>• അപേക്ഷകൻറെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.<br>• വൈകല്യത്തിൻറെ തോത് അനുസരിച്ച് പെൻഷന് അർഹത നിശ്ചയിക്കുന്നതാണ്<br>• ശാരീരിക വൈകല്യം - ചുരുങ്ങിയത് 40 ശതമാനം അവശത ഉള്ളവർ<br>• ബുദ്ധിമാന്ദ്യം - 50 ശതമാനത്തിൽ താഴെ മാത്രം ഐ.ക്യൂ ഉള്ളതും ബുദ്ധിശക്തിക്കും ഓർമശക്തിക്കും ചിന്താശക്തിക്കും ഉൾപ്പെടെ സ്ഥിരമായ മാനസിക വൈകല്യം ഉള്ളതുമായ വ്യക്തി<br>• പൂർണ്ണമായും കാഴ്ച നഷ്ടപ്പെട്ടവർ.<br>• ലെൻസുകൾ ഉപയോഗിച്ചാൽപോലും നല്ല കണ്ണിൻറെ കാഴ്ചശക്തി 6/60 അല്ലെങ്കിൽ 20/200 (സ്നെല്ലൻ ) കവിയാത്തതും, അല്ലെങ്കിൽ എതിർദിശയിലേക്കുള്ള കാഴ്ചയുടെ പരിധി 20 ഡിഗ്രി ആംഗിളിലോ അല്ലെങ്കിൽ അതിലും മോശമോ ഉള്ളവർ<br>• ബധിരത എന്നാൽ ദൈനംദിന ആവശ്യങ്ങൾക്കുള്ള ശ്രവണശേഷി ഇല്ലാത്തതും 90 ഡെസിബലിൽ കൂടുതൽ ശ്രവണശേഷി നഷ്ടം സംഭവിച്ചതുമായ ആൾ<br>• മറ്റേതെങ്കിലും ഒരു സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്ന/അപേക്ഷിച്ചിട്ടുള്ളവർക്കും അപേക്ഷിക്കാം. ഇ.പി.എഫ് ഉൾപ്പെടെ പരമാവധി രണ്ട് പെൻഷന് മാത്രമേ അർഹതയുള്ളൂ<br>• ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു പെൻഷൻ കൂടി 600 രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. (മൂന്നാമതൊരു പെൻഷന് അർഹതയില്ല)<br>• ആധാർ എടുക്കാൻ സാധിക്കാത്തവർക്കുള്ള നിർദ്ദേശങ്ങൾ ഇതോടൊപ്പം അനുബന്ധമായി<br>• ചേർത്തിട്ടുണ്ട്. (ഉത്തരവ് നമ്പർ 43/2021 - ഉത്തരവ് തീയതി 06/03/2021) |

| | |
|---|---|
| | • മറ്റ് പൊതുനിബന്ധനകളും ബാധകം |
| അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1 റേഷൻ കാർഡ്<br>2. ആധാർ കാർഡ്<br>3. വരുമാന സർട്ടിഫിക്കറ്റ്<br>4. ഭൂനികുതി രസീത്<br>5. ബാങ്ക് പാസ്ബുക്ക് (പെൻഷൻ ബാങ്കിലേക്ക് ആണെങ്കിൽ)<br>6. വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്.<br>7. രണ്ട് കൈകളും രണ്ട് കണ്ണുകളും ഇല്ലാത്തത് കാരണം ആധാർ എടുക്കാൻ കഴിയാത്തവർക്ക്<br>ഐസി.ഡി.എസ് സൂപ്പർവൈസർ അല്ലെങ്കിൽ അസിസ്റ്റൻറ് സർജനിൽ കുറയാതെയുള്ള<br>ഗവൺമെൻറ് ഡോക്ടർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ്<br>8. ആധാർ ഇല്ലാതെ അപേക്ഷ നൽകുന്നവർ മറ്റ് പെൻഷനുകൾ ഒന്നും തന്നെ വാങ്ങുന്നില്ല എന്ന<br>സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് |
| അന്വേഷണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ, ഇരിട്ടി നഗരസഭ |
| തീരുമാനം എടുക്കുന്ന അധികാര സ്ഥാനം | നഗരസഭ കൌൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വംയംഭരണ വകുപ്പ് |

## 1.6 സാമൂഹ്യ സുരക്ഷ പെൻഷൻ പൊതു മാനദണ്ഡങ്ങൾ (എല്ലാ പെൻഷനുകൾക്കും ബാധകം)

- അപേക്ഷകൻ സ്ഥിരമായി താമസിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് പെൻഷന് അപേക്ഷിക്കേണ്ടത്.
- അപേക്ഷകൻറെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
- അപേക്ഷകൻ ആദായ നികുതി നൽകുന്ന വ്യക്തിയാകരുത്.
- അപേക്ഷകൻ കേന്ദ്രസർക്കാർ/മറ്റ് സംസ്ഥാന സർക്കാർ എന്നിവിടങ്ങളിൽ നിന്നും ശമ്പളം, പെൻഷൻ, കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തി ആകരുത്.
- അപേക്ഷകൻ കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിക്കുകയും ടി. സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ / കുടുംബ പെൻഷൻ ലഭിക്കുകയും ചെയ്യുന്ന വ്യക്തിയാകരുത്.

- അപേക്ഷകൻ സർവീസ് പെൻഷണർ / കുടുംബ പെൻഷൻ ലഭിക്കുന്നവർ ആകരുത്. (4000 രൂപ വരെ എക്സ് ഗ്രേഷ്യ / എൻ.പി.എസ് പെൻഷൻ വാങ്ങുന്നവർക്ക് ഈ നിബന്ധന ബാധകമല്ല)
- മറ്റ് സാമൂഹ്യക്ഷേമ പെൻഷനുകൾ ഒന്നും തന്നെ ലഭിക്കുന്നവർ അർഹരല്ല. (വികലാംഗർക്ക്ബാധകമല്ല) ഇ.പി.എഫ് ഉൾപ്പെടെ പരമാവധി രണ്ട് പെൻഷൻ മാത്രമേ അർഹതയുള്ളൂ.
- അപേക്ഷകൻറെ പേരിലോ കുടുംബത്തിൻറെ പേരിലോ രണ്ടേക്കറിൽ കൂടുതൽ വസ്തു ഉണ്ടാകരുത്.(പട്ടികവർഗ്ഗ വിഭാത്തിൽപ്പെട്ട അപേക്ഷകർക്ക് ഇത് ബാധകമല്ല) അപേക്ഷകൻ യാചകനാകാൻ പാടില്ല. അപേക്ഷകൻ അഗതി മന്ദിരത്തിലെ അന്തേവാസിയാകാൻ പാടില്ല.
-

## ഭൗതിക സാഹചര്യങ്ങളുടെ പരിശോധന

- 1000 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള, ടാക്സിയല്ലാത്ത, നാലോ അതിലധികമോ ചക്രങ്ങളുള്ള വാഹനങ്ങൾ (അംബാസഡർ കാർ ഒഴികെ) സ്വന്തമായി/കുടുംബത്തിൽ ഉള്ള വ്യക്തി ആകരുത്.
- 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും ആധുനിക രീതിയിൽ ഫ്ളോറിംഗ് നടത്തിയിട്ടുള്ളതും കോൺക്രീറ്റ് ചെയ്തതുമായ കെട്ടിടങ്ങൾ ഉള്ളവർ ആകരുത്. താമസിക്കുന്ന വീട്ടിൽ എയർ കണ്ടീഷണർ ഘടിപ്പിച്ചിട്ടുള്ളവർ ആകരുത്.

## പ്രായം തെളിയിക്കുന്നതിന് നൽകാവുന്ന രേഖകൾ

- ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്. മേൽ രേഖകളുടെ അഭാവത്തിൽ മാത്രം അപേക്ഷകൻറെ വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യപത്രത്തിന്മേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് പെൻഷൻ അനുവദിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്. ഈ വ്യവസ്ഥ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയാൽ അത്തരക്കാർ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതോടൊപ്പം തുടർന്ന് അവർക്ക് സർക്കാരിൽ നിന്നും സാമൂഹ്യസുരക്ഷാ പെൻഷൻ ഉൾപ്പെടെ യാതൊരു വിധ ധന സഹായങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതുമല്ല.

## ഒന്നിലധികം പെൻഷനുകളുടെ സാധുത

- 06/02/2017 ന് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് ക്ഷേമനിധി ബോർഡ് നൽകുന്ന പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ട്.
- 06/02/2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് മാത്രമേ അർഹതയുള്ളൂ. (ക്ഷേമനിധി ബോർഡ് പെൻഷനോ അല്ലെങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷനോ)
- തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ബോർഡുകളിലെ ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണെന്നും, 06/07/2018 തീയതിക്ക് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചു വന്നിരുന്ന ഉയർന്ന പെൻഷൻ തുടർന്നും ലഭിക്കുന്നതാണെന്നും പൊതുമാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യസുരക്ഷാ പെൻഷൻ **600** രൂപ നിരക്കിൽ ലഭിക്കുന്നതിന് അർഹതയുണ്ട്. തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്നത് ഒഴികെയുള്ള ഗുണഭോക്താക്കൾക്ക് **06/02/2017** ന് മുമ്പ് മറ്റൊരു പെൻഷൻ വാങ്ങുന്നുണ്ടെങ്കിൽ ക്ഷേമനിധി പെൻഷൻ സാധാരണ നിരക്കിലും സാമൂഹ്യസുരക്ഷാ പെൻഷൻ **600** രൂപ നിരക്കിലും ലഭിക്കും. പുതിയ അപേക്ഷകർക്ക് ഏതെങ്കിലും ഒരു പെൻഷന് മാത്രമേ അർഹതയുള്ളൂ. എന്നാൽ ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റൊരു പെൻഷൻ കൂടി **600** രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്.
- പ്രതിമാസം **4000** രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് ഇ.പി.എഫ് പെൻഷന് പുറമേ ഒരു സാമൂഹ്യസുരക്ഷാ പെൻഷൻ / ക്ഷേമനിധി പെൻഷന് അർഹതയുണ്ട്. എന്നാൽ പ്രതിമാസം **4000** രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ/ക്ഷേമനിധി പെൻഷൻ **600** രൂപ നിരക്കിൽ ലഭിക്കുന്നതിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

## തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾ

1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള കെട്ടിടനിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം ഒഴികെ)
5. കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡ്
6. കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് വെൽഫെയർ ഫണ്ട് ബോർഡ്
7. കേരള അംഗൻവാടി വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
8. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
9. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള സ്റ്റേറ്റ് സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡ്
11. കൊച്ചിൻ ദേവസ്വം ബോർഡ്
12. മലബാർ ദേവസ്വം ബോർഡ്
13. ഗുരുവായൂർ ദേവസ്വം ബോർഡ്
14. തിരുവിതാംകൂർ ദേവസ്വം ബോർഡ്
15. കൂടൽമാണിക്യം ദേവസ്വം ബോർഡ്
16. കേരള പ്രവാസി ക്ഷേമനിധി ബോർഡ്
17. കേരള മദ്രസ ടീച്ചേഴ്സ് ക്ഷേമനിധി ബോർഡ്
18. കേരള അഡ്വക്കേറ്റ്സ് ക്ലർക്ക്സ് ക്ഷേമനിധി ബോർഡ്
19. കേരള ആധാരമെഴുത്ത്കാരുടെയും പകർപ്പെഴുത്ത്കാരുടെയും ക്ഷേമനിധി ബോർഡ്

## 1.7 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

| | |
|---|---|
| അപേക്ഷ നൽകേണ്ടത് | നഗരസഭ സെക്രട്ടറിക്ക് |
| സമയ പരിധി | 30 ദിവസം |
| സേവനം നൽകാൻ ബാധ്യത പെട്ട ഉദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| മാനദണ്ഡങ്ങൾ | • വൈധവ്യം മൂലം സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന സ്ത്രീകളുടെ പെൺമക്കളെ നിയമാനുസൃതം<br>• വിവാഹം ചെയ്ത് അയക്കുന്നതിനായി വിധവയായ അമ്മയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന<br>• പദ്ധതിയാണ് ഇത്. വിവാഹ തീയതിയിൽ പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.<br>• ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. അന്വേഷണ ഉദ്യോഗസ്ഥ<br>• ഐ.സി.ഡി.എസ് സൂപ്പർവൈസർ ആണ്. അപ്പീൽ അധികാരി ജില്ലാ കളക്ടർ. ഐ.സി.ഡി.എസ്<br>• സൂപ്പർവൈസർ നൽകുന്ന അന്വേഷണ റിപ്പോർട്ട് സ്റ്റാൻറിംഗ് കമ്മിറ്റി/കൗൺസിൽ യോഗങ്ങൾ<br>• അംഗീകരിച്ച ശേഷം ജില്ലാ കളക്ടറിൽ നിന്നും ഫണ്ട് അലോട്ട്മെൻറ് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതാണ്. നിലവിൽ വിവാഹധനസഹായ തുക 30000 രൂപയാണ്. (മുപ്പതിനായിരം രൂപ).<br>• വിവാഹ തീയതിക്ക് മുമ്പായി അപേക്ഷ സമർപ്പിക്കണം.<br>• അപേക്ഷക വിധവ ആയിരിക്കണം.<br>• വിവാഹ തീയതിയിൽ പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയായിരിക്കണം.<br>• അപേക്ഷകയുടെ കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയാണ്.<br>• പെൺകുട്ടിയുടെ സ്വർണ്ണം ഉൾപ്പെടെയുള്ള ആകെ സ്വത്ത് 50000 രൂപയിൽ (അൻപതിനായിരം രൂപ) കവിയരുത്.<br>• നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ മാപ്പപേക്ഷ കൂടി ഉള്ളടക്കം ചെയ്യണം.<br>• വിവാഹ തീയതി മുതൽ ഒരു വർഷം വരെയുള്ള അപേക്ഷകളിലെ കാലതാമസം<br>• മാപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് ആണ്.<br>• വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് മൂന്ന് വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിലെ കാലതാമസം മാപ്പാക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് ആണ്. |

| | |
|---|---|
| | • വിവാഹിതയാകുന്ന പെൺകുട്ടിയുടെ മാതാവ് ജീവിച്ചിരിപ്പില്ലെങ്കിൽ വിവാഹം നടത്തിക്കൊടുക്കുന്ന ആൾക്കോ അല്ലെങ്കിൽ പെൺകുട്ടിക്ക് സ്വയമോ അപേക്ഷിക്കാം. അപ്രകാരം അപേക്ഷ സമർപ്പിക്കുമ്പോൾ മാതാപിതാക്കളുടെ മരണ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം.<br>• ഭർത്താവ് ഉപേക്ഷിച്ചവരുടെയും ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവരുടെയും പെൺമക്കൾക്ക് വിവാഹധനസഹായം നൽകാവുന്നതാണ്. (വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കണം)<br>• അവിവാഹിതരായ സ്ത്രീകളുടെ മക്കളുടെ വിവാഹത്തിനും ധനസഹായം നൽകാം.<br>• ഈ നിബന്ധനകൾ പ്രകാരം ഒരിക്കൽ വിവാഹധനസഹായം ലഭിച്ച ശേഷം അതേ പെൺകുട്ടിക്ക് രണ്ടാമതൊരു വിവാഹം കഴിക്കേണ്ടി വരികയാണെങ്കിൽ രണ്ടാം വിവാഹത്തിന് വിവാഹധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.<br>• അബല മന്ദിരങ്ങളിലും അഗതി മന്ദിരങ്ങളിലും താമസിക്കുന്ന 18 വയസ്സ് തികഞ്ഞ അവിവാഹിതരായ സാധു പെൺകുട്ടികൾക്കും അപേക്ഷിക്കാം.<br>• വിവാഹത്തിന് മുമ്പ് അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ വിവാഹ ശേഷം വിവാഹ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥനോ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്കോ സമർപ്പിക്കണം. |
| അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | 1. തദ്ദേശഭരണ സ്ഥാപനത്തിൻറെ സെക്രട്ടറിക്ക് വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ.<br>2. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം.<br>3. കാലതാമസം മാപ്പാക്കുന്നതിന് ജില്ലാ വനിതാ ശിശുവികസന ഓഫീസർക്കുള്ള മാപ്പപേക്ഷ.<br>(വിവാഹ ശേഷം ഒരു വർഷം വരെ വൈകി അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ)<br>4. കാലതാമസം മാപ്പാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർക്കുള്ള മാപ്പപേക്ഷ.<br>(വിവാഹ ശേഷം ഒരു വർഷം മുതൽ മൂന്ന് വർഷത്തിനുള്ളിൽ വൈകി അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ)<br>5. ഭർത്താവിൻറെ മരണ സർട്ടിഫിക്കറ്റ്.<br>6. പുനർ വിവാഹം ചെയ്തിട്ടില്ലെന്നുള്ള സർട്ടിഫിക്കറ്റ്.<br>7. അപേക്ഷകയുടെ റേഷൻ കാർഡിൻറെ പകർപ്പ്.<br>8. അപേക്ഷകയുടെ ആധാർ കാർഡിൻറെ പകർപ്പ്.<br>9. അപേക്ഷകയുടെ ബാങ്ക് പാസ്ബുക്കിൻറെ പകർപ്പ്.<br>10. അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്.<br>11. പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ് / പെൺകുട്ടിയുടെ സ്കൂൾ സർട്ടിഫിക്കറ്റ്.<br>12. പെൺകുട്ടിയുടെ ആധാർ കാർഡ്.<br>13. വിവാഹം ഉറപ്പിച്ചത് സംബന്ധിച്ച കത്ത്.<br>14. വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച വെള്ളക്കടലാസിൽ എഴുതിയ അല്ലെങ്കിൽ അച്ചടിച്ച പ്രതിശ്രുത വരൻറെ സത്യവാങ്മൂലം. |

| | |
|---|---|
| | 15. വിവാഹ സർട്ടിഫിക്കറ്റ് (വിവാഹ ശേഷം അപേക്ഷ സമർപ്പിക്കുന്ന സംഗതിയിൽ)<br>16. വിവാഹത്തിന് മുമ്പ് അപേക്ഷ സമർപ്പിക്കുന്ന സംഗതിയിൽ വിവാഹം നടന്ന ശേഷം<br>അന്വേഷണ ഉദ്യോഗസ്ഥയ്ക്ക് അല്ലെങ്കിൽ തദ്ദേശസ്ഥാപന സെക്രട്ടറിക്ക് വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കണം. |
| അന്വേഷണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| തീരുമാനം എടുക്കുന്ന അധികാര സ്ഥാനം | നഗരസഭ കൌൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |

## 1.8 തൊഴിൽ രഹിത വേതനം

| | |
|---|---|
| അപേക്ഷ നൽകേണ്ടത് | നഗരസഭ സെക്രട്ടറിക്ക് |
| സമയ പരിധി | 30 ദിവസം |
| സേവനം നൽകാൻ ബാധ്യത പെട്ട ഉദ്യോഗസ്ഥൻ | നഗരസഭ സെക്രട്ടറി |
| മാനദണ്ഡങ്ങൾ | എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന തുകയാണ് തൊഴിൽരഹിത വേതനം. 12.11.82 ലെ ജി.ഓ. (പി) 40/82 എൽബി ആർ നമ്പർ പ്രകാരമുള്ള ഉത്തരവ് പ്രകാരം 1982 ലാണ് ഈ പദ്ധതി കേരളസർക്കാർ ആരംഭിച്ചത്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലൂടെ നടപ്പിലാക്കിയ ഈ പദ്ധതി ഇപ്പോഴും തുടർന്ന് വരുന്നു.<br>• അപേക്ഷകന്/ഉദ്യോഗാർത്ഥിക്ക് 21 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായപരിധി 35<br>• വയസ്സാണ്.<br>• കുടുംബത്തിൻറെ വാർഷിക വരുമാന പരിധി 12000/- രൂപയാണ്. (പന്ത്രണ്ടായിരം രൂപ) വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം.<br>• വിദ്യാഭ്യാസ യോഗ്യത - പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന അപേക്ഷകർ എസ്.എസ്.എൽ.സി<br>• പരീക്ഷ ജയിച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ വിഭാഗക്കാർക്ക് സാധാരണ രീതിയിൽ സ്കൂളിൽ ചേർന്ന് പഠിച്ച് എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ഹാജരായാലും പരിഗണിക്കാം. ഇവർക്ക് പരീക്ഷ പാസ്സാകണമെന്ന നിബന്ധന ഇല്ല.<br>• പൊതുവിഭാഗം അപേക്ഷകർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സ് തികഞ്ഞതിന് ശേഷം മൂന്നു വർഷത്തെ തുടർച്ചയായ രജിസ |

| | |
|---|---|
| | ്ട്രേഷൻ സീനിയോറിറ്റി ഉണ്ടായിരിക്കണം.<br>• വികലാംഗർ/പട്ടികജാതി/പട്ടികവർഗ്ഗം എന്നീ വിഭാഗക്കാർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനു ശേഷം തുടർച്ചയായി 2 വർഷത്തെ എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ സീനിയോറിറ്റി ഉണ്ടായിരിക്കണം. യഥാസമയം പുതുക്കാത്തതിനാൽ രജിസ്ട്രേഷൻ റദ്ദായാൽ പുനർ-രജിസ്ട്രേഷൻ കഴിഞ്ഞ് വർഷം പൂർത്തീകരിച്ചിരിക്കണം.<br>• പത്താം ക്ലാസ്സിനു ശേഷം ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിച്ചവരും നിലവിൽ വിദ്യാർത്ഥികളുമായവർ ഈ പദ്ധതിയിൽ അപേക്ഷിക്കാൻ അർഹരല്ല. ഇതിനായി ട്രാൻസ്ഫ<br>• സർട്ടിഫിക്കറ്റിൻറെ അസ്സൽ ഓരോ തവണയും വേതനം കൈപ്പറ്റുന്ന സമയത്ത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.<br>• മേൽപ്പറഞ്ഞ രീതിയിൽ അർഹരായ ഉദ്യോഗാർത്ഥികൾക്ക് എല്ലായ്പ്പോഴും തൊഴിൽരഹിത വേതനത്തിന് അപേക്ഷിക്കാവുന്നതാണ്. അവരവരുടെ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ | നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറം (ഫോറം നമ്പർ 1 ൽ) - 2 സെറ്റ്<br>2. സ്കൂൾ സർട്ടിഫിക്കറ്റ് - എസ്എസ്എൽസി ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. എംപ്ലോയ്മെൻറ് രജിസ്ട്രേഷൻ കാർഡ് (3 വർഷം കഴിഞ്ഞ് പുതുക്കിയിരിക്കണം)<br>4. വരുമാന സർട്ടിഫിക്കറ്റ്<br>5. റേഷൻ കാർഡ്<br>6. ആധാർ കാർഡ്<br>7. തിരിച്ചറിയൽ കാർഡ്<br>8. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്<br>9. ബാങ്ക് പാസ്സ് ബുക്ക്<br>10. ഫോട്ടോ - 2 എണ്ണം |
| അന്വേഷണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| തീരുമാനം എടുക്കുന്ന അധികാര സ്ഥാനം | നഗരസഭ കൗൺസിൽ |
| അപ്പീൽ അധികാരി | ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് |

# ജനന മരണ രജിസ്ട്രേഷൻ

## 2.1 ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ

| | | |
|---|---|---|
| 1 | രജിസ്ട്രേഷൻ സമയ പരിധി | ആശുപ്രതിയിൽ വെച്ച് നടന്ന ജനന മരണമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് വഴിയുള്ളത്. മറ്റു സ്ഥലങ്ങളിൽ - 5 പ്രവൃത്തി ദിവസത്തിനകം |
| 2 | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ |
| 3 | റിപ്പോർട്ട് ഫോറം | ഫോറം I -ജനനം-ജനന മരണ രജിസ്ട്രേഷൻ ചട്ടം 5<br>ഫോറം II - മരണം ജനന മരണ രജിസ്ട്രേഷൻ ചട്ടം 5<br>ഫോറം III നിർജ്ജീവ ജനനം- ജനന മരണ രജിസ്ട്രേഷൻ (കെ.സ്മാർട്ട്) |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1.ജനനം മരണം നിർജ്ജീവ ജനന റിപ്പോർട്ട് (Online)<br>2.ആശുപത്രിയിലേക്കുള്ള യാത്രക്കിടയിൽ വാഹനത്തിൽ വെച്ച് സംഭവിച്ച് മരണമെങ്കിൽ സത്യപ്രസ്താവന (അനുബന്ധം ) 3. മരണ റിപ്പോർട്ടിനോടൊപ്പം മരണപ്പെട്ടയാളുടെ ആധാർ വിവ രങ്ങൾ (ചീഫ് രജിസ്ട്രാറുടെ 18.9.2017 ലെ ബി 30277/2017 നം സർക്കുലർ) നൽകേണ്ടതാണ്. ആധാർ നമ്പർ അറിയില്ലെങ്കിൽ ഇല്ലെങ്കിൽ നിശ്ചിത ഫോറത്തിലുള്ള സത്യപ്രസ്താവന നൽകുക (അനുബന്ധം 2 കാണുക) |
| 5 | അടക്കേണ്ട ഫീസ് | ഇല്ല |
| 6 | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | വീട്ടിൽ വെച്ച് നടന്ന ജനനം മരണമാണെങ്കിൽ - ഗൃഹനാഥൻ<br>.സ്ഥാപനങ്ങളിൽ - സ്ഥാപന മേധാവി<br>വാഹനങ്ങളിൽ - വാഹനത്തിന്റെ ചുമതലക്കാരൻ<br>പ്ലാന്റേഷനിൽ സൂപ്രണ്ട് (ചുമതലക്കാരൻ)<br>മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയ തുമായ കേസ്സുകൾ ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ<br>പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു കാണപ്പെട്ട മൃതദേ ഹം ബന്ധപ്പെട്ട പേലീസ് ഓഫീസർ |
| 7 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2) ജോയിന്റ് ഡയറക്ടർ |

## 2.2 ജനനം/മരണം/നിർജീവ ജനനം നടന്ന് 21 ദിവസത്തിന് ശേഷം 30 ദിവസം വരെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ

| | | |
|---|---|---|
| 1 | രജിസ്ട്രേഷൻ സമയ പരിധി | ആശുപ്രതിയിൽ വെച്ച് നടന്ന ജനന മരണമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് വഴിയുള്ളത്. മറ്റു സ്ഥലങ്ങളിൽ - 5 പ്രവൃത്തി ദിവസത്തിനകം |
| 2 | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ |
| 3 | റിപ്പോർട്ട് ഫോറം | ഫോറം I -ജനനം-ജനന മരണ രജിസ്ട്രേഷൻ ചട്ടം 5 ഫോറം II - മരണം ജനന മരണ രജിസ്ട്രേഷൻ ചട്ടം 5<br>ഫോറം III നിർജ്ജീവ ജനനം- ജനന മരണ രജിസ്ട്രേഷൻ (കെ.സ്മാർട്ട്) |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. ജനനം മരണം നിർജ്ജീവ ജനന റിപ്പോർട്ട് (കെ.സ്മാർട്ട് വഴി)<br>2. ആശുപത്രിയിലേക്കുള്ള യാത്രാമദ്ധ്യേ വാഹനത്തിൽ വെച്ച് സംഭവിച്ച് മരണമാണെങ്കിൽ അനുബന്ധം 1 ലെ സത്യപ്രസ്താവന<br>3. മരണ റിപ്പോർട്ടിനോടൊപ്പം മരണപ്പെട്ടയാളുടെ ആധാർ വിവ രങ്ങൾ (ചീഫ് രജിസ്ട്രാറുടെ 18.9.2017 ലെ ബി 30277/2017 നം സർക്കുലർ) നൽകേണ്ടതാണ്. ആധാർ നമ്പർ അറിയി ല്ലെങ്കിൽ ഇല്ലെങ്കിൽ നിശ്ചിതഫോറത്തിലുള്ള സത്യപ്രസ്താ വന നൽകുക |
| 5 | അടക്കേണ്ട ഫീസ് | ലേറ്റ് ഫീ - 2 രൂപ |
| 6 | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | വീട്ടിൽ വെച്ച് നടന്ന ജനനം മരണമാണെങ്കിൽ - ഗൃഹനാഥൻ സ്ഥാപനങ്ങളിൽ - സ്ഥാപന മേധാവി<br>• വാഹനങ്ങളിൽ - വാഹനത്തിന്റെ ചുമതലക്കാരൻ<br>• പ്ലാന്റേഷനിൽ സൂപ്രണ്ട് (ചുമതലക്കാരൻ)<br>മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയ തുമായ കേസ്സുകൾ ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ<br>• പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു കാണപ്പെട്ട മൃതദേ ഹം ബന്ധപ്പെട്ട പേലീസ് ഓഫീസർ |
| 7 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2) ജോയിന്റ് ഡയറക്ടർ |

## 2.3 ജനനം/മരണം നടന്ന് 30 ദിവസത്തിന് ശേഷം 1 വർഷത്തിനകം റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | ജില്ലാ രജിസ്ട്രാർ (നഗരസഭാ സെക്രട്ടറി) |
| 2 | രജിസ്ട്രേഷൻ സമയ പരിധി | ജില്ലാ രജിസ്ട്രാറിൽ നിന്നും അനുമതി ലഭിച്ച് 7 പ്രവർത്തി ദിവസ ത്തിനകം. (സർക്കുലർ നം.36511)ആർ.ഡി3/13/തസ്വഭവ തീയതി 5.8.13) |
| 3 | ഉദ്യോഗസ്ഥൻ | അനുമതി നൽകേണ്ടത് - ജില്ലാ രജിസ്ട്രാർ (നഗരസഭാ സെക്രട്ടറി) രജിസ്ട്രേഷൻ നടത്തേണ്ടത് - രജിസ്ട്രാർ നഗരസഭ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. ഫോറം ഒന്ന്- ജനന റിപ്പോർട്ട് , ഫോറം രണ്ട് മരണ റിപ്പോർട്ട് – ( കെ.സ്മാർട്ട് വഴി)<br>2. രജിസ്റ്റർ ചെയ്യുവാൻ വൈകിയതിനുള്ള കാരണം കാണിച്ചുകൊണ്ട് അനുവാദത്തിനുള്ള അപേക്ഷ<br>3. നോട്ടറിയൊ അല്ലെങ്കിൽ സംസ്ഥാന സർക്കാർ സർവ്വീസിലെ ഗസ റ്റഡ് ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ് മൂലം (അനുബന്ധം 4 കാണുക)<br>4. രജിസ്ട്രാറിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (2.1.8 കാണുക)<br>5. മരണ റിപ്പോർട്ടിനോടൊപ്പം മരണപ്പെട്ടയാളുടെ ആധാർ വിവരങ്ങൾ (ചീഫ് രജിസ്ട്രേറുടെ 18.9.2017 ലെ ബി.30277/2017 നം സർക്കുലർ) നൽകേണ്ടതാണ്. ആധാർ നം അറിയില്ലെങ്കിൽ ഇല്ലെങ്കിൽ നിശ്ചിതഫോറത്തിലുള്ള സത്യപ്രസ്താവന നൽകുക (അനുബന്ധം 2 കാണുക) |
| 5 | അടക്കേണ്ട ഫീസ് | 5 രൂപ ലേറ്റ് ഫീസ് അനുമതി ലഭിച്ചതിന് ശേഷം |
| 6 | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | വീട്ടിൽ വെച്ച് നടന്ന ജനനം മരണമാണെങ്കിൽ - ഗൃഹനാഥൻ<br>സ്ഥാപനങ്ങളിൽ - സ്ഥാപന മേധാവി<br>വാഹനങ്ങളിൽ - വാഹനത്തിന്റെ ചുമതലക്കാരൻ<br>പ്ലാന്റേഷനിൽ സൂപ്രണ്ട് (ചുമതലക്കാരൻ)<br>മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയ തുമായ കേസ്സുകൾ ഇൻക്വസ്റ്റ് നടത്തിയ ഉദ്യേഗസ്ഥൻ<br>•പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു കാണപ്പെട്ട മൃതദേഹം ബന്ധപ്പെട്ട പേലീസ് ഓഫീസർ |
| 7 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2)മേഖലാ ജോയിന്റ് ഡയറക്ടർ |

## 2.4 ജനനം/മരണം നടന്ന് 30 ദിവസത്തിന് ശേഷം ഒരു വർഷത്തിന് ശേഷമുള്ള രജിസ്ട്രേഷൻ നടത്താത്ത സംഗതികളിൽ

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | രജിസ്ട്രാർ (നഗരസഭ) |
| 2 | രജിസ്ട്രേഷൻ സമയ പരിധി | 7 പ്രവർത്തി ദിവസത്തിനകം |
| 3 | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ നഗരസഭ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. *ഫോറം ഒന്ന്- ജനന റിപ്പോർട്ട് (2 കോപ്പി) ഫോറം രണ്ട് മരണ റിപ്പോർട്ട് - ചട്ടം 3 കാണുക (കെ.സ്മാർട്ട്)<br>2. സബ്ഡിവിഷണൽ മജിസ്ട്രേറ്റിൽ നിന്നുള്ള അനുമതി<br>3. മരണ റിപ്പോർട്ടിനോടൊപ്പം മരണപ്പെട്ടയാളുടെ ആധാർ വിവരങ്ങൾ (ചീഫ് രജിസ്ട്രേറുടെ 18.9.2017 ലെ ബി.30277 2017 നം സർക്കുലർ) നൽകേണ്ടതാണ്. ആധാർ നമ്പർ അറിയില്ലെങ്കിൽ ഇല്ലെങ്കിൽ നിശ്ചിതഫോറത്തിലുള്ള സത്യപ്രസ്താവന നൽകുക |
| 5 | അടക്കേണ്ട ഫീസ് | 10 രൂപ ലേറ്റ് ഫീസ് |
| 6 | റിപ്പോർട്ട് നൽകാൻ ബാധ്യതപ്പെട്ടവർ | വീട്ടിൽ വെച്ച് നടന്ന ജനനം മരണമാണെങ്കിൽ - ഗൃഹനാഥൻ<br>സ്ഥാപനങ്ങളിൽ - സ്ഥാപന മേധാവി<br>വാഹനങ്ങളിൽ - വാഹനത്തിന്റെ ചുമതലക്കാരൻ<br>പ്ലാന്റേഷനിൽ സൂപ്രണ്ട് (ചുമതലക്കാരൻ)<br>മുകളിൽ പറഞ്ഞതിൽ ഉൾപ്പെടാത്തതും ഇൻക്വസ്റ്റ് നടത്തിയ തുമായ കേസ്സുകൾ ഇൻക്വസ്റ്റ് നടത്തിയ ഉദ്യോഗസ്ഥൻ<br>•പൊതുസ്ഥലത്ത് ഉപേക്ഷിക്കപ്പെട്ട ശിശു കാണപ്പെട്ട മൃതദേഹം ബന്ധപ്പെട്ട പേലീസ് ഓഫീസർ |
| 7 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2)മേഖലാ ജോയിന്റ് ഡയറക്ടർ |

## 2.5 വിദേശത്ത് നടന്ന ജനനം രജിസ്റ്റർ ചെയ്യൽ

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | മാതാപിതാക്കൾ സ്ഥിര താമസമാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| 2 | രജിസ്ട്രേഷൻ സമയ പരിധി | 1. കുട്ടി ഇന്ത്യയിലെത്തി 60 ദിവസത്തിനകം റിപ്പോർട്ട് ചെയ്യു കയാണെങ്കിൽ റിപ്പോർട്ട് ലഭിച്ച് 5 പ്രവർത്തി ദിവസത്തിനകം<br>2. വൈകിയുള്ള സന്ദർഭങ്ങളിൽ ക്രമനമ്പർ 2.3, 2.4 പ്രകാരം അനുമതി ലഭിച്ച് 5 പ്രവർത്തി ദിവസത്തിനകം |
| 3 | ഉദ്യോഗസ്ഥൻ | താമസിക്കുന്ന രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | **60 ദിവസത്തിനകം സമർപ്പിക്കുന്ന സംഗതികളിൽ**<br>1. ജനന റിപ്പോർട്ട് ( കെ.സ്മാർട്ട് വഴി)<br>2. ഏത് സ്ഥലത്ത് സ്ഥിരതാമസമാക്കാൻ ഉദ്ദേശിക്കുന്നു എന്നത് സംബന്ധിച്ച് 100 രൂപ മുദ്രപത്രത്തിലുള്ള സത്യവാങ്മൂലം<br>3. മാതാപിതാക്കളുടെ പാസ്പോർട്ടിന്റെ പകർപ്പ്<br>4. കുട്ടിയുടെ ജനനതീയതി കാണിക്കുന്ന ഏതെങ്കിലും രേഖ (അമ്മയുടേയോ കുട്ടിയുടെയോ പാസ്പോർട്ട് ആശുപത്രിയിലെ രേഖ മാറ്റതെങ്കിലും രേഖ)<br>**60 ദിവസത്തിന് ശേഷം**<br>1. ക്രമ നമ്പർ 1, 2, 3 പ്രകാരമുള്ള രേഖകൾ<br>2. വൈകിയതിന്റെ കാരണം കാണിക്കുന്ന അഫിഡവിറ്റ് നോട്ടറി ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്യത്. (ജില്ല രജി സ്ട്രാർക്ക് അപേക്ഷിക്കുന്ന സംഗതികളിൽ)<br>3. 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്ന യൂണിറ്റിലെ രജിസ്ട്രാറുടെ റിപ്പോർട്ട് |
| 5 | അടക്കേണ്ട ഫീസ് | · കുട്ടി ഇന്ത്യയിൽ എത്തി 60 ദിവസം വരെ ആവശ്യമില്ല.<br>· 60 ദിവസത്തിന് ശേഷം കുട്ടിയുടെ ജനനതീയതിമുതൽ 1 വർഷം വരെ ജില്ലാ രജിസ്ട്രാർ (നഗരസഭാ സെക്രട്ടറി) അനുമതിയോടെ - 5 രൂപ ലേറ്റ് ഫീ<br>· ഒരു വർഷത്തിന് ശേഷം സബ്ഡിവിഷണൽ മജിസ്ട്രറ്റിന്റെ അനു മതിയോടെ 10 രൂപ ലേറ്റ് ഫീ |
| 7 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2) ജോയിന്റ് ഡയറക്ടർ |

## 2.6 ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ ജനന രജിസ്ട്രേഷൻ

## (അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന കുഞ്ഞുങ്ങൾ)

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | ജനന മരണ രജിസ്ട്രാർക്ക് |
| 2 | രജിസ്ട്രേഷൻ സമയ പരിധി | 5 പ്രവൃത്തി ദിവസം |
| 3 | റിപ്പോർട്ട് നൽകേണ്ടത് | സ്ഥാപനമേധാവി |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. ഫോറം ഒന്ന് - ജനന റിപ്പോർട്ട് (കെ സ്മാർട്ട് വഴി)<br>2. കുട്ടിയുടെ ജനന തീയതി സംബന്ധിച്ച നോട്ടറി ഗസറ്റഡ്<br>ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്ഥാപന മേധാവിയുടെ അപേക്ഷ |
| 5 | അടക്കേണ്ട ഫീസ് | ഇല്ല |
| 6 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2) ജോയിന്റ് ഡയറക്ടർ |

## 2.7 ദത്ത് എടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| 2 | രജിസ്ട്രേഷൻ സമയ പരിധി | ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവ് ഹാജരാക്കിയ ശേഷം 7 പ്രവൃത്തി ദിവസം |
| 3 | ഉദ്യോഗസ്ഥൻ | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. ജനനറിപ്പോർട്ട് ഫോറം 1 (കെ.സ്മാർട്ട്)<br>2. ദത്തെടുക്കൽ സംബന്ധിച്ച കോടതി ഉത്തരവിന്റെ സാക്ഷ്യപ്പെടു ത്തിയ പകർപ്പ്<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ (ആധാർ കാർഡ്, റേഷൻ കാർഡ് ഇലക്ഷൻ തിരിച്ചറിയൽ കാർഡ് മുതലായവ) |
| 5 | അടക്കേണ്ട ഫീസ് | 21 ദിവസത്തിനകം - ആവശ്യമില്ല<br>21 മുതൽ 30 ദിവസം വരെ - 2 രൂപ<br>30 ദിവസത്തിന് ശേഷം 1 വർഷം വരെ 5 രൂപ ലേറ്റ് ഫീ<br>ഒരു വർഷത്തിന് ശേഷം - 10 രൂപ ലേറ്റ് ഫീ |
| 6 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2) ജോയിന്റ് ഡയറക്ടർ |

## 2.8 നിയമപരമായി ദത്തെടുക്കാത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ |
| 2 | രജിസ്ട്രേഷൻ സമയ പരിധി | രജിസ്ട്രേഷനുള്ള അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 3 | ഉദ്യോഗസ്ഥൻ | ദത്തെടുത്ത മാതാപിതാക്കളുടെ താമസ സ്ഥലത്തെ രജിസ്ട്രാർ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. ജനനറിപ്പോർട്ട് (കെ.സ്മാർട്ട്)<br>2. വിശ്വസനീയരായ 2 വ്യക്തികളിൽ നിന്നുള്ള സത്യ പ്രസ്താവന<br>3. മാതാപിതാക്കളുടെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ<br>4. ദത്ത് എടുത്ത കുട്ടിയുടെ എസ്.എസ്.എൽ.സി ബുക്ക് ,ആധാർ കാർഡ്, റേഷൻ കാർഡ് ഇലക്ഷൻ തിരിച്ചറിയൽ കാർഡ് എന്നിവ |
| 5 | അടക്കേണ്ട ഫീസ് | 10 രൂപ ലേറ്റ് ഫീസ് |
| 6 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2)മേഖലാ ജോയിന്റ് ഡയറക്ടർ |

## 2.9 നോൺ അവെയിലബിലിറ്റി സർട്ടിഫിക്കറ്റ്

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | ജനനം മരണം നടന്ന നഗരസഭയിലെ രജിസ്ട്രാർക്ക് |
| 2 | സമയ പരിധി | 7 പ്രവർത്തി ദിവസം (മറ്റ് യൂണിറ്റുകളിൽ നിന്നുള്ള റിപ്പോർട്ടോ പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ടോ ആവശ്യമുള്ള സംഗ തികളിൽ അവ ലഭിച്ച് 7 പ്രവർത്തി ദിവസം) |
| 3 | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. അപേക്ഷ (കെ സ്മാർട്ട് വഴി)<br>2. ജനനം/മരണം നടന്ന സ്ഥലം, സംഭവം നടന്ന സമയത്തെ താമസസ്ഥലം എന്നിവ തെളിയിക്കുന്ന രേഖകൾ |
| 5 | അടക്കേണ്ട ഫീസ് | തിരച്ചിൽ ഫീസ് - ഒരു വർഷത്തേക്ക് 2 രൂപ സർട്ടിഫിക്കറ്റ് ഫീ - 2 രൂപ |
| 6 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2) ജോയിന്റ് ഡയറക്ടർ |

## 2.10 ജനന-മരണ സർട്ടിഫിക്കറ്റ് നൽകൽ

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് കെ.സ്മാർട്ട് മുഖേന |
| 2 | സമയ പരിധി | തത്സമയം |
| 3 | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | കെ.സ്മാർട്ടിൽ ആവശ്യമായ വിവരങ്ങൾ നൽകിയാൽ മതി |
| 5 | അടക്കേണ്ട ഫീസ് | ഇല്ല |
| 6 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2)മേഖലാ ജോയിന്റ് ഡയറക്ടർ |

## 2.11 ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തൽ
## സ്കൂളിൽ ചേർക്കുന്നതിന് മുമ്പുള്ള പേര് ചേർക്കലും തിരുത്തലും

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | രജിസ്ട്രേഷൻ നടത്തിയ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| 2 | സേവനം നൽകുന്നതിനുള്ള സമയ പരിധി | 15 പ്രവൃത്തി ദിവസം. |
| 3 | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. അപേക്ഷ കെ.സ്മാർട്ട് വഴി<br>2. അപേക്ഷകരുടെ ഫോട്ടോ പതിച്ചത്, തിരിച്ചറിയൽ രേഖ<br>3. മുൻപ് കൈപറ്റിയ സർട്ടിഫിക്കറ്റും വെള്ളക്കടലാസിലുള്ള സത്യവാങ്ങ്മൂലവും (തിരുത്തലുകൾക്ക് മാത്രം) |
| 5 | അടക്കേണ്ട ഫീസ് | രജിസ്ട്രേഷൻ തീയതിക്ക് ശേഷം ഒരു വർഷം വരെ ഫീസ് അടക്കേണ്ടതില്ല. ഒരു വർഷത്തിന് ശേഷം 5 രൂപ<br>കോമ്പൗണ്ടിംഗ് ഫി 50 രൂപ |
| 6 | സേവനാവകാശ നിയമപ്രകാരം<br>ഒന്നാം അപ്പീൽ അധികാരി<br>രണ്ടാം അപ്പീൽ അധികാരി | 1) സെക്രട്ടറി<br>2) ജോയിന്റ് ഡയറക്ടർ |

# 2.12 ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തൽ

## ജനനരജിസ്റ്ററിലെ ജനനതീയതിയും സ്കൂൾ രേഖയിലെ ജനനതീയതിയും തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസം ഉണ്ടെങ്കിൽ പേര് ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറിൽ നിന്നുള്ള അനുമതി

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | ജില്ലാ രജിസ്ട്രാർക്ക് (നഗരസഭ സെക്രട്ടറി) തദ്ദേശ രജിസ്ട്രാർ |
| 2 | സേവനം നൽകുന്നതിനുള്ള സമയ പരിധി | അപേക്ഷ ലഭിച്ച് 7 പ്രവൃത്തി ദിവസം |
| 3 | ഉദ്യോഗസ്ഥൻ | ജില്ലാ രജിസ്ട്രാർക്ക് |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. അപേക്ഷ (കെ സ്മാർട്ട് വഴി)<br>2. സ്കൂൾ രേഖയുടെ ശരിപകർപ്പ് / സ്കൂൾ രേഖയിലെ പേര്, ജനനതീയതി,മാതാപിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം 3. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം (അനുബന്ധം 14) 4. ജനനക്രമത്തിൽ കാണിച്ചിട്ടുള്ള കുട്ടികളുടെ ജനനതീയതി വയസ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ് സ്കൂൾ രേഖ റേഷൻ കാർഡ് ആശുപത്രി രേഖ എന്നിവയിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 5. ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് |
| 5 | അടക്കേണ്ട ഫീസ് | ഇല്ല |
| 6 | സേവനാവകാശ നിയമപ്രകാരം ഒന്നാം അപ്പീൽ അധികാരി | ജോയിന്റ് ഡയറക്ടർ |

1 സംയുക്ത അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സംഗതികളിൽ മാതാപിതാക്കളിൽ ഓരാളിന്റെയോ കുട്ടിയു ടെയോ അപേക്ഷ പ്രകാരം പേര് ചേർക്കാം.

2. സ്ക്കൂളിൽ ചേർത്ത ശേഷം പേര് ചേർക്കുന്ന സംഗതികളിൽ പേര് ചേർക്കുന്നത് സ്ക്കൂൾ രേഖ പോലെ എന്ന തിനാൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ ആവശ്യമില്ല . (സർക്കുലർ നം ബി 1 4356/2015 തീയതി 7.2.2015 ഓഫ് ചീഫ് രജിസ്ട്രാർ

3. പേര് ചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ച ശേഷം 5 രൂപ ലേറ്റ് ഫീ ഈടാക്കണം

4. ജനന രജിസ്റ്ററിൽ പേര് ചേർക്കുന്നത് സ്കൂളിൽ ചേർന്ന ശേഷമാണെങ്കിൽ സ്കൂൾ രേഖയിലുള്ള പേരിലെ ഇനീഷ്യലിന്റെ വികസിത രൂപം സഹിതം പേര് ചേർക്കാവുന്നതാണ്

5 2015 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ (ഭേദഗതി) ചട്ടപ്രകാരം 23.6.2015ന് ശേഷമുള്ള ജനന രജിസ്ട്രേഷനുക ളിൽ രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 വർഷത്തിനുള്ളിലും 23.6.2015 ന് മുമ്പുള്ള രജിസ്ട്രേഷനുകളിൽ ഭേദ ഗതി നിലവിൽ വന്ന് (അതായത് 23.6.15) 5 വർഷത്തിനകവും പേര് ചേർക്കേണ്ടതാണ്

# 2.13 ജനന രജിസ്റ്ററിൽ പേര് ചേർക്കൽ/തിരുത്തൽ

## സ്കൂളിൽ ചേർത്ത ശേഷം പേര് ചേർക്കുന്ന സംഗതികളിൽ

| | | |
|---|---|---|
| 1 | അപേക്ഷ സമർപ്പിക്കേണ്ടത് | രജിസ്ട്രേഷൻ യൂണിറ്റിലെ രജിസ്ട്രാർക്ക് |
| 2 | സേവനം നൽകുന്നതിനുള്ള സമയ പരിധി | 15 പ്രവൃത്തി ദിവസം |
| 3 | ഉദ്യോഗസ്ഥൻ | രജിസ്ട്രാർ |
| 4 | സമർപ്പിക്കേണ്ട രേഖകൾ | 1. കെ സ്മാർട്ട് വഴി അപേക്ഷിക്കണം<br>2. സ്കൂൾ രേഖയുടെ ശരിപകർപ്പ് സ്ക്കൂൾ രേഖയിലെ പേര്, ജന നതീയതി, മാതാപിതാക്കളുടെ പേരും എന്നിവ കാണിക്കുന്ന വിദ്യാഭ്യാസ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം<br>3. അപേക്ഷ നൽകുന്നത് മാതാവ് പിതാവ് രക്ഷിതാവ് ആണ ങ്കിൽ അവരുടെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്<br>4. ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>5. ജനനക്രമം കാണിക്കുന്ന പ്രഖ്യാപനം |
| 5 | അടക്കേണ്ട ഫീസ് | 5 രൂപ |
